

Monthly Price: Rs. 4 Year: 2010

# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 25** **October 2010** **No.7**

# എഡിറ്റോറിയൽ

മതമൈത്രിയെ കുറിച്ചും മതസൗഹാർദ്ദത്തെ കുറിച്ചും ഇന്ന് പരക്കെ ചർച്ചാ വിഷയമായിട്ടുണ്ട്. ഇപ്പോൾ ലോകത്ത് അനവധി മതങ്ങളും മതാനുഷ്ഠാനങ്ങളും ഉണ്ട്. എന്താണ് മതം എന്നു പറഞ്ഞാൽ? അസംഖ്യം മതങ്ങൾ എങ്ങനെ ലോകത്തിൽ വന്നു? അതുകൊണ്ട് ഉണ്ടാകുന്ന ഭവിഷ്യത്തുകൾ എന്തെല്ലാം? ഇതെല്ലാം നാം പരിശോധിക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതുമായ സത്യമാണ്. കാരണം അജ്ഞത പല കുഴപ്പങ്ങൾക്കും കാരണമാകും. ലഭിക്കേണ്ടതു പലതും ലഭിക്കാതെയും പോകും. അതുകൊണ്ട് ലോകത്തുള്ള സർവ്വ മനുഷ്യരും അറിയേണ്ടതായ സത്യം തിരുവെഴുത്തിലുണ്ട്. മതം എന്ന വാക്കിന്റെ അർത്ഥം അഭിപ്രായം എന്നാണ്.

ആദ്യമായി ദൈവം ഏകനാണ് എന്ന സത്യം നാം മനസിലാക്കണം. സർവ്വശക്തനും, സർവ്വവ്യാപിയും, സർവ്വജ്ഞാനിയും സർവ്വത്തിന്റേയും സൃഷ്ടികർത്താവും ഏകനാണ്. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിങ്ങൾക്ക് ഉണ്ടാകരുത് എന്ന് ആദ്യനും അന്ത്യനുമായ ദൈവം അരുളിച്ചെയ്തിരുന്നു. പക്ഷെ ദൈവ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ആ കല്പന ലംഘിച്ചു അവന്റെ സങ്കൽപത്തിൽ ദൈവമല്ലാത്തവയെ ദൈവം എന്ന് കരുതി നമസ്ക്കരിക്കുവാൻ തുടങ്ങി. അങ്ങനെ മനുഷ്യൻ അന്യദൈവത്തിലേക്ക് തിരിഞ്ഞതുകൊണ്ട് ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യുന്നതിലേക്ക് തിരിച്ചു വിട്ടു. അതായത് മനുഷ്യൻ ദൈവത്തെ കോപിപ്പിച്ചതിന്റെ ഫലമായാണ്

അവരുടെ ബുദ്ധി തന്നെ തലതിരിഞ്ഞുപോയത്. അങ്ങനെ അവർ പടിപടിയായി ദൈവത്തിൽ നിന്നകന്നു സ്വന്തവഴിയിൽ കൂടെ സഞ്ച രിക്കുവാൻ തുടങ്ങി. ദൈവത്തിൽ നിലനിൽക്കാതെ വന്ന അനിയ ന്ത്രിത ജീവിതത്തിലേക്ക് തിരിഞ്ഞു. അകൃത്യഭാരം നിമിത്തം അവർ വിഗ്രഹങ്ങളുണ്ടാക്കി അവക്ക് ഓരോ പേരും നൽകി. അങ്ങനെ യാണ് ലോകത്തിൽ വിവിധ പേരുകളിലുള്ള ആചാരങ്ങളും ആരാ ധനാ രീതികളും അവലംബിക്കുവാനിടയായത്. മനുഷ്യന്റെ ഉള്ളിൽ ദൈവഭയം അന്തർലീനമായി കിടപ്പുണ്ട്. പക്ഷെ അവരുടെ ആന്തരി കമായ വിശപ്പും ദാഹവും അവരുടെ പശ്ചാത്തലത്തിൽനിന്നാണ് വളർന്നു വരുന്നത്.

ബാല്യത്തിൽ കുട്ടികൾ തങ്ങളുടെ മാതാപിതാക്കളെ ആശ്രയി ച്ചാണല്ലോ ജീവിക്കുന്നത്. അവർക്ക് മാതാപിതാക്കളിൽനിന്നു ലഭി ക്കുന്ന ഉപദേശമാണ് അവരെ മതപരമായ കാര്യങ്ങൾ ചെയ്യുന്നതി ലേക്ക് നയിക്കുന്നത്. ഏതു മതത്തിൽ ജനിക്കുന്നുവോ ആ മതവി ശ്വാസവും ആചാരവും അവരിൽ ഉണ്ടാകുന്നു. യഥാർത്ഥ ദൈവ ത്തേയും ദൈവത്തിന്റെ കല്പനകളെയും മനസിലാക്കുന്നത് അവർ പ്രായപൂർത്തിയാകുമ്പോഴാണ്. നമ്മുടെ സാമാന്യബുദ്ധിയുപയോ ഗിച്ച് പ്രായോഗികമായി തെറ്റും ശരിയും വിവേചിച്ചു മനസിലാക്കേ ണ്ടവരാണ് എല്ലാവരും. മതങ്ങളെല്ലാം വിവിധ ഉദ്ദേശങ്ങൾക്കായി മനുഷ്യർ ഉണ്ടാക്കിയതാണ്. ദൈവത്തിനു മതമോ ജാതിയോ ഇല്ല. സകല മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങളാണ് ആ സത്യം നാം മനസിലാക്കിയാൽ മത വിദ്വേഷമോ ജാതി സ്പർദ്ധയോ നമ്മി ലുണ്ടാകയില്ല.

അന്യോന്യം സ്നേഹിക്കുവാനാണ് ദൈവം കല്പിച്ചിരക്കുന്ന ത്. അതു നഷ്ടപ്പെടുത്തുന്നത് മനുഷ്യൻ മനുഷ്യനുണ്ടാക്കിയ മത ത്തിനും ആചാരത്തിനും പ്രാധാന്യം കൊടുക്കുന്നതുകൊണ്ടാണ്. ദൈവത്തെ നാം പുർണ്ണഹൃദയത്തോടും പൂർണ്ണമനസോടും പൂർണ്ണ ശക്തിയോടും സ്നേഹിക്കുകയും കൂട്ടുകാരനെ തന്നെപോലെ സ്നേഹിക്കുകയും ചെയ്യുന്ന ജീവിതനിലവാരമാണ് മനുഷ്യർക്ക് ആവശ്യം. എല്ലാവരും ആ സത്യം മനസിലാക്കി ജീവിച്ചാൽ മതി.

✶

# കർത്താവിനെ നിങ്ങൾ ഇന്നു കണ്ടുമുട്ടി യാലോ?

## J.C. ചോട്ട്

നാം സങ്കല്പിക്കുന്നതിലധികമായി ജീവിതം ഗൗരവമായി കരു തേണ്ടതാകുന്നു. വാസ്തവത്തിൽ നമ്മിൽ പലരും വളരെ ലാഘവ ത്തോടെയാണ് ജീവിതത്തെ കാണുന്നത്. നാം എന്നേക്കും ജീവി ക്കേണ്ടവരാണെങ്കിലും നാളെ എന്നൊന്നില്ല എന്ന ഭാവത്തിലാണ് പലരുടേയും ജീവിതശൈലി. അറിയപ്പെടുന്ന വ്യക്തിപരമായ കാര ണങ്ങളാൽ മരിക്കുന്നവരെ നമുക്ക് ചുറ്റും കാണാം. എന്നാൽ അതു അവരെ ബാധിക്കുന്നതാണ്, അതു നമുക്ക് വരികയില്ല എന്ന തോന്ന ലിലാണ് ചിലർ ജീവിക്കുന്നത്. അതുകൊണ്ട് അവർ തങ്ങളുടെ ആന ന്ദത്തിൽ ആറാടുന്നു. ഇതു താത്വികമായി ഒരു സമീപനം അല്ല, വാസ്തവത്തിൽ അവർ ജീവിതത്തെ മൗഢ്യമായി നേരിടുകയാണ്. ലക്ഷ്യബോധം ഓരോരുത്തർക്കും ജീവിതത്തിലുണ്ടാകണം. ലക്ഷ്യ മില്ലാത്തവർ അലഞ്ഞു തിരിയും.

ഈ വസ്തുത ഭാവി വീക്ഷണത്തിനായുള്ള സഹായത്തിനായി ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. ഇന്നു നിങ്ങൾ കർത്താവിനെ കണ്ടുമുട്ടിയാൽ എന്തു ചെയ്യും? മറ്റൊരു വിധത്തിൽ ചോദിച്ചാൽ, ഇന്നു നിങ്ങൾ മരിച്ചാൽ എന്തായിരിക്കും സ്ഥിതി? മരണം നിങ്ങൾക്കും എനിക്കും മറ്റേതൊരാൾക്കും എപ്പോഴും സംഭവിക്കാ വുന്നതാണ്. ശാരീരികമായി നാളെ നാം ജീവിച്ചിരിക്കുമെന്നതിനും യാതൊരു ഉറപ്പുമില്ല. അടുത്ത നിമിഷം എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് നിങ്ങൾക്ക് അറിയുവാൻ കഴിയുമോ? എങ്കിൽ ഇന്നു മരണം നിങ്ങളെ പിടികൂടിയാൽ എന്തായിരിക്കും ഫലം? ഒരുപക്ഷെ ഹൃദയാഘാതം മൂലമോ, അല്ലെങ്കിൽ ഏതെങ്കിലും രോഗം മൂലമോ, അതുമല്ലെങ്കിൽ യാദൃശ്ചിക അപകടം മൂലമോ അതു സംഭവിച്ചേ ക്കാം. ഇതുപോലെ പല കാരണങ്ങളാൽ മരണം കടന്നുവരുന്നു.

എങ്ങനെയായാലും, ആ സമയത്ത് നിങ്ങൾക്ക് മരിക്കേണ്ടി വരും. അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. അതാണ് ലോക ത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പക്ഷെ അതിനു ശേഷം എന്ത്

എന്നതാണ് ചോദ്യം. നിങ്ങൾ കർത്താവിനെ അഭിമുഖീകരിക്കുവാൻ ഒരുങ്ങിയിട്ടുണ്ടോ? ഞാൻ ജീവിതത്തിലേക്ക് പ്രവേശിച്ചിട്ടേയുള്ളു. ഇനിയും എത്രയോ വർഷം ഉണ്ട്. അതുകൊണ്ട് ആത്മിയ കാര്യങ്ങൾക്ക് ഇനിയും സമയമുണ്ട് എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ദൈവത്തെ അനുസരിക്കുന്നതു കുറച്ചുകൂടെ കഴിഞ്ഞിട്ടു മതി എന്നു നിങ്ങൾക്ക് തോന്നുന്നുണ്ടോ? ആത്മിയകാര്യങ്ങൾ നീട്ടി വെച്ചാൽ അതുകൊണ്ടുണ്ടാവുന്ന നഷ്ടം പിന്നീടൊരിക്കലും നികത്തുവാൻ പറ്റാത്തതായിരിക്കും.

യവ്വനക്കാരും, പ്രായമായവരും, ആരോഗ്യമുള്ളവരും, രോഗമുള്ളവരും അങ്ങനെ ജീവിതത്തിന്റെ എല്ലാ നിലയിലുള്ളവരും മരിക്കേണ്ടതാണ്. നാം ആഗ്രഹിച്ചാലും ഇല്ലെങ്കിലും, നാം ദൈവത്തിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും നാം മരിക്കും. അതു സത്യം ആകയാൽ ഈ ലോകജീവിതത്തിലെ ഭൂരിഭാഗം സമയവും വരുവാനിരിക്കുന്ന ജീവിതത്തിനു വേണ്ടി ഒരുങ്ങുവാനായി നാം ചെലവിടണം. പലരും ഭാവി തലമുറക്കായി കരുതി വെക്കാറുണ്ട്. അങ്ങനെ കരുതുന്നവരും കരുതാത്തവരും മരിക്കും. വ്യക്തിപരമായി ഓരോരുത്തരുടെ ജീവിതവും അന്വർത്ഥമാക്കുവാൻ കടപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് ജീവിതത്തിൽ പലതും നീട്ടി വെക്കാം. പക്ഷെ മരണത്തെ നീട്ടി വെക്കുവാനോ മാറ്റുവാനോ ആർക്കെങ്കിലും കഴിയുമോ?

മരണശേഷം ഒരു ജീവിതമുണ്ട് എന്നു വിശ്വസിക്കാത്ത ആളുകളുണ്ട്. ഈ ലോകജീവിതത്തിന്റെ അവസാനം എല്ലാറ്റിന്റേയും അന്ത്യമാണെന്ന് അവർ കരുതുന്നു. അതുകൊണ്ട്, അത്തരക്കാർ ഏതു വിധത്തിലും ജീവിതം ആസ്വദിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നു. അതുപോലെയുള്ള ചിന്ത വെച്ചു പുലർത്തുന്നവർ, മൃഗങ്ങളും പക്ഷികളും മറ്റു ജന്തുക്കളും മരണത്തോടെ ഇല്ലാതാകുന്നതുപോലെയാണ് തങ്ങളെന്ന് കരുതുന്നു. അതുകൊണ്ട് അവരുടെ ജീവിതം മൃഗതുല്ല്യമാകുന്നു. ഒന്നിനെക്കുറിച്ചും ഒരു പ്രത്യാശയുമില്ലാത്ത ജീവിതത്തെ കുറിച്ച് ഒന്നാലോചിച്ചുനോക്കുക. ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെക്കുന്ന ആളുകളെ കുറിച്ച് അപ്പൊസ്തലനായിരുന്ന പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത് അവർ സകല മനുഷ്യരേക്കാളും അരിഷ്ടന്മാർ എന്നാണ് (1 കൊരിന്ത്യർ 15:19). അപ്പോൾ പിന്നെ പ്രത്യാശയില്ലാത്തവരുടെ കാര്യം പറ

യാനുണ്ടോ? നിങ്ങൾ അത്തരം ആളുകളിൽ പെട്ട ആളാണോ? ഒരിക്കലും ആകരുത്. നിങ്ങൾ ജീവിതത്തെ ഗൗരവമായി കാണണം.

കല്ലറക്കപ്പുറമായി ഒരു ജീവിതം ഉണ്ട് എന്ന് ഞാൻ തറപ്പിച്ച് നിങ്ങളോട് പറയുവാൻ ആഗ്രഹിക്കുന്നു. ചിലർ വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ വിശ്വസ്തതക്ക് നീക്കം വരികയില്ല. കാരണം എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും എന്ന് അരുളിച്ചെയ്തവൻ കർത്താവാണ്. നിങ്ങൾ ആ നിത്യജീവൻ ലഭിക്കുന്നതിനു വേണ്ടി ദൈവനിർദ്ദേശങ്ങൾ സ്വീകരിപ്പാൻ ഒരുങ്ങിയിട്ടുണ്ടോ? ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്ക് ദൈവം നിശ്ചയിച്ചിരിക്കുന്നു. ദൈവത്തിന്റെ നിയമത്തെ നിങ്ങൾ വിശ്വസിക്കുന്നുണ്ടാകാം. എന്നാൽ മരണത്തിനു മുൻപു ചെയ്യേണ്ട കാര്യങ്ങളും ദൈവം കല്പിച്ചിട്ടുണ്ട്.

"എന്നാൽ എല്ലാ മുഴങ്കാലും മടങ്ങും, എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവ് അരുളിച്ചെയ്യുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ. ആകയാൽ നിങ്ങൾ ഓരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും"(റോമർ 14:11, 12). ഇപ്പോൾ ഒരു പക്ഷെ നിങ്ങൾ അതു വിശ്വസിക്കുന്നുണ്ടാകയില്ല. എന്നാൽ ഒരു ദിവസം നിങ്ങളുടെ മുഴങ്കാൽ മടങ്ങും, നിങ്ങളുടെ നാവുകൊണ്ട് കർത്താവേ എന്ന് പല പ്രാവശ്യം ഏറ്റു പറയുകയും ചെയ്യും. അതു മരണത്തിനു മുൻപു ഈ ലോകത്തിൽ വെച്ച് ചെയ്താൽ വളരെ പ്രയോജനമുണ്ടായിരിക്കും.

എല്ലാവരും കല്ലറ വിട്ട് എഴുന്നേറ്റു വരുന്ന ഒരു ദിവസമുണ്ട്. അതാണ് പൊതുവായ ഉയർത്തെഴുന്നേൽപ്പ്.നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായുമാണ് പുനരുത്ഥാനം( യോഹന്നാൻ 5:28, 29). "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവങ്കലേക്ക് കടന്നിരിക്കുന്നു. ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു"(യോഹന്നാൻ 5:24-25).

എന്താണ് മുകളിൽ പ്രസ്താവിച്ച കാര്യം വ്യക്തമാക്കുന്നതു

എന്നു നോക്കാം. നിലവിൽ ആത്മീയമായി മരിച്ച വ്യക്തികൾ അവന്റെ ശബ്ദം എന്ന തിരുവെഴുത്തിലെ ഉപദേശങ്ങൾ കേട്ട് വിശ്വസിച്ച് അനുസരിക്കുകയാണെങ്കിൽ അവർ ന്യായവിധിയിൽ അകപ്പെടാതിരിക്കുന്നു എന്നർത്ഥം. അവർ ക്രിസ്തുവിൽ ജീവിക്കുന്നതുകൊണ്ട് നിത്യജീവൻ എന്ന പ്രത്യാശയുള്ളവരാകകൊണ്ട് ദൈവം അവരെ നിത്യനാശത്തിലേക്ക് അയക്കുകയില്ല. നീതിമാന്മാർക്കും നീതികെട്ടവർക്കും, നന്മ ചെയ്തവർക്കും തിന്മ ചെയ്തവർക്കും ഉയർത്തെഴുന്നേല്പുണ്ട്. പക്ഷെ ദൈവത്തെ അനുസരിച്ചിരിക്കുന്നവർ എന്നേക്കും ദൈവവുമായി ജീവിക്കേണ്ടതിനും മറ്റുള്ളവർ നിത്യ ദണ്ഡനത്തിനായുമാണെന്നു മാത്രം.

✶

# ക്രിസ്തു അഭക്തർക്കു വേണ്ടി മരിച്ചു

## ഡേവിഡ് വെയിഡ്

ക്രിസ്തുവിൽ മാത്രമെ നമുക്ക് പ്രശംസിപ്പാനുള്ളു. കാരണം ക്രിസ്തുവാണ് സകല മനുഷ്യരുടേയും രക്ഷിതാവ്. അവൻ ലോകത്തിലേക്ക് വന്നത് സ്വർഗീയ മഹിമ വെടിഞ്ഞിട്ടാണ്. മനുഷ്യർക്ക് സ്വയമായി ദൈവത്തിന്റെ നിലവാരപ്രകാരം ജീവിക്കുവാൻ കഴിവില്ല. കാരണം നമ്മിൽ നന്മതിന്മകളെ കുറിച്ചുള്ള അറിവുണ്ട്. അതു വിവേചിക്കുവാനുള്ള ശരിയായി പരിജ്ഞാനം നമ്മിലില്ല. നമ്മുടെ നിസഹായത മനസിലാക്കിയ ദൈവം ലോകത്തിനു അടിസ്ഥാനം ഇടുന്നതിനു മുൻപു തന്നെ ഒരു പദ്ധതി തയ്യാറാക്കി. അതു നടപ്പിലാക്കുവാനായിരുന്നു ദൈവം മനുഷ്യനായി അവതരിച്ചത്.

ദൈവം സൃഷ്ടിച്ച മനുഷ്യരെല്ലാവരും നിയമം ലംഘിച്ചു ജീവിക്കുവാൻ തുടങ്ങി. മനുഷ്യർ പെരുകും തോറും നിയമലംഘനവും വർദ്ധിച്ചുകൊണ്ടിരുന്നു. മനുഷ്യർക്ക് സ്വയമായി പാപത്തെ അകറ്റി നിർത്തുവാൻ കഴിയാതെ വന്നു. ദൈവത്തിനു അത് മുമ്പേ അറിയാമായിരുന്നു. അതുകൊണ്ടാണ് മനുഷ്യൻ ആദ്യം പാപം ചെയ്തു വീണുപോയപ്പോൾ ദൈവം ഒരു വാഗ്ദാനം ചെയ്തത് സ്ത്രീയുടെ സന്തതി പിശാചിന്റെ തല തകർക്കും. അങ്ങനെയാണ് കാല സമ്പൂ

സമ്പൂർണ്ണതയിൽ അവൻ സ്ത്രീയുടെ സന്തതിയായി ജനിക്കുന്നത് (ഗലാത്യർ 4:4). സകല മനുഷ്യരും ദൈവമക്കളാകണം എന്ന ഉദ്ദേശമാണ് ദൈവത്തിനുള്ളത്. പുത്രത്വം എന്ന അവകാശം ദൈവം നൽകുന്നത് ക്രിസ്തു മുഖാന്തരമാണ്. ആത്മാക്കൾക്ക് രക്ഷനൽകുന്നതു ക്രിസ്തു മുഖാന്തരമാണ്. ദൈവത്തിനും മനുഷ്യർക്കുമിടയിൽ ക്രിസ്തു എന്ന ഏകമദ്ധ്യസ്ഥനേയുള്ളു. അതായത് പാപികളായ മനുഷ്യർക്ക് ദൈവത്തോട് അടുക്കുവാനായി വഴി ഒരുക്കിയത് ക്രിസ്തു മാത്രമാണ് (യോഹന്നാൻ 14:6). അവൻ മാത്രമാണ് പാപികൾക്ക് വേണ്ടി മരിച്ചു ഉയിർത്തെഴുന്നേറ്റത്. ക്രിസ്തു മരണത്താൽ മരണത്തെ നീക്കിയില്ലായിരുന്നുവെങ്കിൽ നാമെല്ലാവരും നമ്മുടെ പാപങ്ങളിൽ മരിക്കുമായിരുന്നു (യോഹന്നാൻ 8:24). ക്രിസ്തു നമുക്ക് അവനിലുള്ള വിശ്വാസത്താൽ ഭാഗ്യകരമായ പ്രത്യാശക്ക് വഴി ഒരുക്കി.

മറ്റൊരു പ്രത്യേകത അവൻ ദൈവത്തിനു പ്രസാദകരമായ യാഗം അർപ്പിച്ചപ്പോൾ, നമ്മുടെ പാപങ്ങൾക്ക് പരിഹാരമായിതീർന്നു. അതുകൊണ്ട് പാപികളായ മനുഷ്യർ തങ്ങളുടെ ജീവിതം ദൈവത്തിൽ സമർപ്പിച്ചുകഴിയുമ്പോൾ പരിശുദ്ധനായ ദൈവത്തോട് ധൈര്യത്തോടെ അടുത്തു ചെല്ലാം. അവൻ നമ്മുടെ മഹാപുരോഹിതനായി തീർന്നു. നമ്മുടെ ബലഹീനതകളെ അറിയാത്തവനല്ല അവൻ. കാരണം പാപം ഒഴികെ സകലത്തിലും നമ്മെ പോലെ പരീക്ഷിക്കപ്പെട്ടവനായിരുന്നു. മനുഷ്യപുത്രനും ദൈവപുത്രനുമായി ജീവിച്ച ക്രിസ്തുവിനെ പിശാച് ആദ്യം മുതൽ അവസാനം അവൻ മരിക്കുന്നതുവരെ പരീക്ഷിച്ചുകൊണ്ടിരുന്നു.

ഭൗതികമായി എല്ലാ മനുഷ്യരും മരിക്കും. എന്നാൽ ക്രിസ്തുവിനെ വിശ്വസിച്ച് അവന്റെ കല്പനകൾ അനുസരിക്കുന്നവർക്ക് അവൻ നിത്യജീവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. ക്രിസ്തുവിന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയാണ് നമ്മുടെ ജീവിതത്തെ അർത്ഥവത്താക്കിയത്. ഈ ലോകത്തിൽ നമുക്ക് കഷ്ടതയും വേദനയും ദുഃഖവുമെല്ലാമുണ്ട്. എന്നാൽ ദൈവകല്പനപ്രകാരം നാം സുവിശേഷം അനുസരിച്ചാൽ രക്ഷയുണ്ട് എന്നതു നിശ്ചയമാണ്.

★

# പിതാവിനാൽ നട്ടിട്ടില്ലാത്ത തൈ

## വിൻഫ്രെഡ് ക്ലാർക്ക്

മത്തായി 15:13 ൽ ക്രിസ്തു പറഞ്ഞ പ്രസ്താവന ഓരോരുത്തരും ഗൗരവമായി എടുക്കണം. മാനുഷകല്പനകളും ഉപദേശങ്ങളും അനുസരിച്ച് ജീവിക്കുന്നവർ, മാനുഷപേരുകളിൽ അറിയപ്പെട്ടിട്ടു തങ്ങൾ ദൈവമക്കളാണ്, ക്രിസ്ത്യാനികളാണ് എന്ന് അവകാശപ്പെടുന്നവർ നിരവധിയാണ്. പിതാവ് നടുക എന്നു പറഞ്ഞാൽ എന്താണെന്ന് നാം ആദ്യം മനസിലാക്കണം. എങ്കിലേ പിതാവ് നട്ടിട്ടില്ലാത്തതെന്തെന്നു നമുക്ക് തിരിച്ചറിയുവാൻ കഴിയു. തിരുവെഴുത്തിൽ എന്താണ് പറയുന്നതെന്ന് നമുക്ക് പരിശോധിക്കാം.

ആത്മിയകാര്യങ്ങളെ കുറിച്ച് നാം പിതാവായ ദൈവത്തിൽനിന്നാണ് കേട്ട് പഠിക്കേണ്ടത്. കാരണം ദൈവമാണ് സർവ്വജ്ഞാനി. പരിജ്ഞാനമില്ലാതെ മനുഷ്യരെല്ലാം തെറ്റിപ്പോയിരിക്കയാണ്. മനുഷ്യപുത്രനായ യേശു ഈ ഭൂമിയിൽ വന്ന് ജനത്തോട് സംസാരിച്ചതെല്ലാം പിതാവിൽനിന്നു കേട്ടതായിരുന്നു. അവൻ സ്വയമായി സംസാരിച്ചില്ല. അവൻ ചെയ്തതെല്ലാം പിതാവിന്റെ ഇഷ്ടമായിരുന്നു. ഇതു പുതിയനിയമകാലമാണ്. ഈ കാലത്ത് ദൈവം തന്റെ പുത്രനായ ക്രിസ്തുമുഖാന്തരമാണ് നമ്മോട് സംസാരിക്കുന്നത്. പുതിയ നിയമം ആ ഉദ്ദേശത്തോടെയാണ് എഴുതിയിരിക്കുന്നത് ആ നിയമങ്ങൾ പിതാവായ ദൈവത്തിന്റെ നിയമങ്ങളാണ്. അവ ദൈവശ്വാസിയവും വിശ്വസിക്കത്തക്കതും ആകുന്നു.

യേശുക്രിസ്തുവിന്റെ ഉപദേശമാണ് നമ്മെ ഇന്നു രക്ഷിക്കുന്നത്. അവന്റെ ഉപദേശത്തിൽ നിലനിന്നാൽ മാത്രമെ നാം ദൈവമുള്ളവരാകയുള്ളു(2യോഹന്നാൻ 9, 10).). ദൈവപുത്രനിൽ വിശ്വസിക്കുന്നവനു ജീവനുണ്ട്. പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല എന്നു തിരുവെഴുത്ത് തീർത്തു പറഞ്ഞിരിക്കുകയാണ് (യോഹന്നാൻ 3:36). ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ മറ്റൊരു വ്യക്തിയുമില്ല. അതുകൊണ്ട് അവനെ നാം സ്നേഹിക്കണം. അവനെ സ്നേഹിക്കുക എന്നാൽ അവന്റെ കല്പനകളെ കാത്തുകൊള്ളുകയാണ്. അവനെ സ്നേഹിക്കുന്നു എന്നു പറകയും അവന്റെ വച

നത്തെ തള്ളിക്കളകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു. അവനെ ഒരു ശിഷ്യനായി എല്ലാവരും അനുഗമിക്കണം. അവൻ രാജാധിരാജാവും കർത്താധികർത്താവുമാണ്. അവന്റെ ഭരണം ആത്മാക്കളിലാണ്. അവന്റെ രാജ്യം ആത്മികമാണ്. ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്നതും അവൻ തന്നെയാണ്.

ക്രിസ്തു സകല മനുഷ്യരെയും കുറിച്ച് കരുതലുള്ളവനാണ്. നല്ലവരെ കുറിച്ച് മാത്രമല്ല, ശത്രുക്കളെ കുറിച്ചും അവനു കരുതലുണ്ട്. കാരണം നാം അവന്റെ ശത്രുക്കളായിരുന്നപ്പോഴാണ് അവൻ നമുക്ക് വേണ്ടി യാഗമായി തീർന്നത്. അവനു നമ്മോടുള്ള സ്നേഹത്തെയാണ് അത് പ്രകടമാക്കുന്നത്. പാപത്തിൽ ജീവിക്കുന്നവരെ ദൈവത്തോട് നിരപ്പിക്കുകയാണ് യേശു ചെയ്തത്. ആ നിരപ്പിന്റെ ശുശ്രൂഷയാണ് അപ്പൊസ്തലന്മാർക്കു ശേഷം നമുക്ക് തന്നിരിക്കുന്നത്. ഏകന്റെ ലംഘനത്താൽ അനേകർ പാപികളായി മരിക്കുവാനിടയായെങ്കിൽ, ഏകന്റെ അനുസരണത്താലും മരണത്താലും അനേകർക്ക് ജീവനുണ്ടാകുവാൻ കാരണമായി തീർന്നു. ഇതാണ് ദൈവനീതി. നമ്മുടെ പാപങ്ങൾ നിമിത്തം നമ്മെ നശിപ്പിക്കാതെ തന്റെ പുത്രനെ ദൈവം ബലിയാക്കി. ആ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും മുമ്പിൽ നമ്മൾ ഒന്നുമല്ല എന്നതു പ്രത്യേകം ഓർക്കണം.

ദൈവത്തിന്റെ മഹാവിശേഷത നിമിത്തം നാം അനേക നന്മകൾ അനുഭവിക്കുന്നു. ക്രിസ്തു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതു നാം ദൈവാനുരൂപമായ സ്വഭാവത്തിലേക്ക് ഉയരുവാനാണ്. അതിനായി ക്രിസ്തു നമുക്ക് ഒരു നല്ല മാതൃകയാണ് വിട്ടിട്ടു പോയിരിക്കുന്നത്. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കണം. ക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ ലോകത്തിനു വെളിച്ചമായിരുന്നു. ജീവന്റെ വെളിച്ചമായ ക്രിസ്തുവിൽനിന്നു മാത്രമെ ലോകത്തിനു ആവശ്യമായ വെളിച്ചം ലഭിക്കയുള്ളു. ലോകത്തുള്ള ആളുകളെല്ലാം ഇരുട്ടിലാണ്. അതിനർത്ഥം അവർ പാപം ചെയ്തുകൊണ്ടാണിരിക്കുന്നത്. അതുകൊണ്ട് അവർക്ക് ക്രിസ്തുവിൻ വചനപ്രകാശം അവർക്ക് അത്യാവശ്യമാണ്. സത്യദൈവം ആരാണെന്ന് വെളിപ്പെടുത്തിയത് ക്രിസ്തുവായിരുന്നു. ക്രിസ്തു വീണ്ടും വരുമെന്ന് അരുളിച്ചെയ്തിട്ടാണ് പോയത്.

ചിലർ മാനുഷകല്പനകളായ ഉപദേശങ്ങളെ പഠിപ്പിച്ചുകൊണ്ട്

ദൈവത്തെ ആരാധിക്കുന്നുണ്ട്. ആ ആരാധന ദൈവം സ്വീകരിക്കുകയില്ല. വിശുദ്ധപർവ്വതത്തിൽ വെച്ച് യേശുവിനോട് മോശെയും ഏലിയാവും സംഭാഷണം നടത്തുന്നതു കണ്ട പത്രൊസിനു മൂന്നു കുടിൽ ഉണ്ടാക്കുവാനുള്ള ആശയം തോന്നി. എന്നാൽ പിതാവായ ദൈവം പറഞ്ഞു, ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾ ഇവന്നു ചെവി കൊടുപ്പിൻ. പേരിൽ മാത്രം അറിയപ്പെടുന്ന ധാരാളം വിഭാഗങ്ങൾ നമുക്ക് ചുറ്റും കാണാം. മനുഷ്യരുടെ പാരമ്പര്യത്തിൽ വിശ്വസിച്ച് പാരമ്പര്യപ്രമാണങ്ങൾ അനുസരിച്ച് അവർ പല ചടങ്ങുകളും ചെയ്യുന്നുണ്ട്. പക്ഷെ അതൊന്നും ദൈവത്തിൽനിന്നുള്ളതല്ല.

ക്രിസ്തുവിന്റെ വചനമാണ് അന്ത്യനാളിൽ സകല മനുഷ്യരേയും ന്യായം വിധിക്കുന്നത്. അതുകൊണ്ട് വചനത്തെ തള്ളിക്കളയുന്നവർക്ക് അവസാനം നിത്യദണ്ഡനമാണ് വരുവാനിരിക്കുന്നത്. പക്ഷെ വചനപ്രകാരം ജിവിതം നയിക്കുന്നവർക്ക് ന്യായവിധി ഇല്ല. ഇതുകൊണ്ട് ദൈവം വെളിപ്പെടുത്തിയ വചനത്തിലാണോ നാം നിലനില്ക്കുന്നതെന്ന് പരിശോധിക്കുവാനുള്ള ഉത്തരവാദിത്വം ഓരോരുത്തർക്കുമുണ്ട്( 2കൊരിന്ത്യർ 13:5). ഒരു വ്യക്തിക്ക് വിശ്വാസം വരേണ്ടത് പാരമ്പര്യത്താലോ അല്ലെങ്കിൽ മാനുഷിക കല്പനകളാലോ അല്ല, പിന്നെയോ ക്രിസ്തുവിന്റെ വചനത്താലായിരിക്കണം (റോമർ 10:17). ഓരോരുത്തനും താന്താന്റെ തീരുമാനപ്രകാരം വേണം ജീവിക്കുവാൻ. കാരണം നാം ഓരോരുത്തരും വ്യക്തിപരമായി ദൈവത്തോട് കണക്ക് കൊടുക്കണം.

സ്വർഗസ്ഥനായ പിതാവിന്റെ അംഗീകാരമില്ലാതെ നിലനില്ക്കുന്ന അനേക സഭകളും മതങ്ങളും സമുദായങ്ങളും ഇന്നുണ്ട്. അവയെല്ലാം അവസാനം വേരോടെ പിഴുതുകളയും എന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നു. ദൈവം അംഗീകരിക്കുന്ന സഭ ഏകസഭയാണ്. അതു പണിതിരിക്കുന്നതു ക്രിസ്തുവാകുന്നു(മത്തായി 16:18). മനുഷ്യർക്ക് ആർക്കും സഭ പണിയുവാൻ അധികാരം കൊടുത്തിട്ടില്ല. സഭക്ക് പേരിടുവാനോ തിരുവെഴുത്തുകളെ മാറ്റുവാനോ, അതിൽനിന്നു എടുത്തു മാറ്റുവാനോ, കൂട്ടിച്ചേർക്കുവാനോ ഒരു മനുഷ്യനും അധികാരമില്ല. ക്രിസ്തു രക്തം കൊടുത്തു വാങ്ങിയതാണ് സഭ. അതുകൊണ്ട് സഭ ക്രിസ്തുവിന്റേതാണ്.

മനുഷ്യർ തുടങ്ങിവെച്ചതിനു മാനുഷികമൂല്യവും ദൈവം തുടങ്ങിവെച്ചതിനു ദൈവികമൂല്യവുമാണുള്ളത്. മനുഷ്യർ തുടങ്ങി വെച്ചിരിക്കുന്ന ചില സഭകൾ വലുതായിരിക്കാം, കാഴ്ച്ചക്ക് നല്ലതായി തോന്നിയേക്കാം, അടുത്തായിരിക്കാം, സമൂഹം അവയെ വിലകല്പിക്കുന്നുണ്ടാകാം. പക്ഷെ ദൈവം അവയെ നിരസിച്ചിരിക്കയാണ്. ദൈവം വിലക്കിയ കല്പനകളെ പ്രമാണിച്ചു ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് കരുതരുത്. ജീവനുള്ള ദൈവം തീഷ്ണതയുള്ളവനാണ്. അവന്റെ കയ്യിൽ വീഴുന്നത് ഭയങ്കരമാണ്.

മനുഷ്യരുടെ കല്പനകളാൽ ആളുകൾ ദൈവകല്പനകളെ ദുർബ്ബലമാക്കുകയാണ് ചെയ്യുന്നത് (മത്തായി 15:2, 3). വാസ്തവത്തിൽ ആളുകൾക്കാണ് അതിന്റെ ദോഷം. തൽഫലമായി അവരും ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല. കടക്കുവാൻ ശ്രമിക്കുന്നവരെ കടത്തിവിടുകയുമില്ല. ഇതാണ് നാമധേയവിഭാഗത്തിലുള്ളവർക്കുള്ള ദോഷം. എണ്ണിയാൽ ഒടുങ്ങാത്ത വിഭാഗങ്ങളാണ് ഇന്നു യേശുവിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നവർക്കുള്ളത്. യഥാർത്ഥത്തിൽ അവർ ക്രിസ്തുവിന്റെ നാമം ദൂഷിക്കപ്പെടുവാനുള്ള സാഹചര്യമാണുണ്ടാക്കുന്നത്. ക്രിസ്തു അവസാനമായി പ്രാർത്ഥിക്കുന്നത് അവനിൽ വിശ്വസിക്കുന്നവരെല്ലാം ഒന്നാകുവാനാണ് (യോഹന്നാൻ 17:23). അങ്ങനെ ഒന്നാകാതിരിക്കുന്നതിന്റെ കാരണം അവരുടെ അദ്ധ്യക്ഷന്മാരാണ്. അവരുടെ സ്വർത്ഥതാല്പര്യങ്ങൾ നിമിത്തം ആളുകളെ സത്യം മനസിലാക്കുവാനും പിൻപറ്റുവാനും അനുവദിക്കുകയില്ല.

സാധാരണക്കാർ പലരും ഇന്ന് വഞ്ചിക്കപ്പെട്ടിരിക്കയാണ്. സമൂഹത്തെ ഭയന്ന്, ഒറ്റപ്പെടുമെന്ന ഭയം നിമിത്തം ആളുകൾ പഴയതിൽ തന്നെ കഴിയുവാൻ നിർബന്ധിതരാകുന്നുണ്ട്. എന്നാൽ ജനങ്ങൾക്ക് മനുഷ്യരാലുള്ള മാനത്തേക്കാൾ ദൈവത്തിന്റെ മാനത്തെ കരുതുവാൻ കഴിയണം. അതിനു വേണ്ട ധൈര്യം ആവശ്യമാണ്. പിതാവായ ദൈവത്തിന്റെ അനുഗ്രഹം കിട്ടിയില്ലെങ്കിൽ ശാപമായിരിക്കും ഫലം. കർത്താവ് വീണ്ടും വരുമ്പോൾ നിത്യരാജ്യത്തിലേക്ക് ചേർക്കുന്നത് പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരെയാണ് (മത്തായി 7:21). നിങ്ങൾ പുതിയനിയമത്തിലെ പിതാവിന്റെ ഇഷ്ടമനുസരിച്ചാണോ വിശ്വസിക്കുന്നതും അനുസരിക്കുന്നതും ആരാധിക്കുന്നതും?

# എന്റെ പദ്ധതിയോ അതോ ദൈവത്തിന്റെ പദ്ധതിയോ?

## റെക്സ് ബാങ്ക്സ്

ദൈവത്തിന്ന് ഒരു പദ്ധതിയുണ്ട്. മനുഷ്യർക്ക് ഓരോരുത്തർക്കും ഓരോ പദ്ധതിയുണ്ട്. ഇതു രണ്ടും വ്യത്യസ്തമാണ്. ദൈവത്തിന്റെ പദ്ധതി ഉയർന്ന നിലവാരമുള്ളതും മനുഷ്യരുടേത് താഴ്ന്ന നിലവാരമുള്ളതുമാണ്. മനുഷ്യരുടെ അറിവും ദൈവത്തിന്റെ അറിവും രണ്ടാണ്. അദൃശ്യനായ ദൈവമാണ് മനുഷ്യരെ അവന്റെ സാദൃശത്തിൽ സൃഷ്ടിച്ചത്. ദൈവികനിലവാരത്തിൽ മനുഷ്യർ ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ച് അവരെ സർവ്വ നന്മകളും അനുഭവിക്കത്തക്ക വണ്ണം ഒരു തോട്ടത്തിലാക്കി. പക്ഷെ ആദ്യ മനുഷ്യർ ദൈവത്തെ അവിശ്വസിക്കുകയും അനുസരണക്കേടു നിമിത്തം പുറന്തള്ളപ്പെടുകയും ചെയ്തു. അങ്ങനെ വീണുപോയ മനുഷ്യരെ വീണ്ടും അതേ നിലവാരത്തിലേക്കുയർത്തുക എന്നതാണ് ദൈവത്തിന്റെ പദ്ധതി.

ഉദ്ദേശം ഏ.ഡി. 57-ൽ അപ്പൊസ്തലനായ പൗലൊസ് റോമയിലുണ്ടായിരുന്ന വിശുദ്ധന്മാരെ അനുമോദിച്ചുകൊണ്ട് ഒരു ലേഖനം എഴുതി (1:18). അവന് അവരോടൊപ്പം ആയിരിക്കുവാനുള്ള ആഗ്രഹം അതിൽ പ്രകടിപ്പിക്കയുണ്ടായി (1:11, 15, 23). റോമയിൽ പോയി സുവിശേഷം പ്രസംഗിക്കുന്നതിനു അപ്പൊസ്തലൻ പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ആ പദ്ധതി നടപ്പാക്കുന്നതിൽനിന്നു അവനു വിലക്ക് നേരിടുകയോ തടസപ്പെടുകയോ ചെയ്തു (1:13; 15:22). എങ്ങനെയായാലും, അവൻ റോമയിലുള്ളവർക്ക് ലേഖനം എഴുതുമ്പോൾ റോമിൽകൂടെ സ്പെയിനിൽ പോകുവാൻ ആഗ്രഹിച്ചിരുന്നു (15:23). പൗലൊസ് അതിയായി ആഗ്രഹിച്ച ആ പദ്ധതി അവസാനം നിറവേറപ്പെട്ടു (15:32).

റോമിൽ അവൻ വാടകക്ക് എടുത്ത കെട്ടിടത്തിൽ തടവുകാരനായിട്ടാണ് താമസിച്ചത്. കർത്താവിനെ കുറിച്ച് യെരുശലേമിൽ സാക്ഷീകരിക്കേണ്ടതാകുന്നു എന്ന് കർത്താവ് മുൻപ് പൗലൊസിനോട് അരുളിച്ചെയ്തിരുന്നു (പ്രവൃത്തികൾ 23:11). ദൈവേഷ്ടപ്ര

കാരം അവൻ അങ്ങനെ കർത്താവിനെ സാക്ഷീകരിക്കയും ചെയ്തു. ദൈവം നിശ്ചയിച്ച സമയത്താണെന്നു മാത്രം. അനേകം പേർ അവന്റെ പാർപ്പിടത്തിൽ വരികയും അവൻ അവരോട് ക്രിസ്തുവിനെ കുറിച്ച് അറിയിക്കയും ചെയ്തു. ദൈവരാജ്യത്തെ കുറിച്ചുള്ള സന്ദേശമായിരുന്നു അവൻ അറിയിച്ചത് (പ്രവൃത്തികൾ 28:23). അവൻ ഒരു തടസവും കൂടാതെ അപ്പോൾ ക്രിസ്തുവിനെ കുറിച്ച് പ്രസംഗിച്ചു എന്നു തെളിയുന്നു (പ്രവൃത്തികൾ 28:30). യഥാർത്ഥത്തിൽ അവന്റെ വീട്ടുതടങ്കൽ സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി തീർന്നു. ചുറ്റുപാടുകൾ എഴുതുവാൻ അവനു പ്രേരണയും നൽകി (ഫിലിപ്പിയർ 1:12).

പക്ഷെ വ്യക്തമായ അറിവിനും, മാനുഷിക പദ്ധതികൾക്കുമപ്പുറമായി ദൈവത്തിന്റെ സമയവിവരപ്പട്ടിക നാം ഗണ്യമാക്കേണ്ടതുണ്ട്. ദൈവപദ്ധതി നമ്മുടെ ആലോചനപ്രകാരമോ ആസൂത്രണപ്രകാരമോ നടന്നെന്നു വരികയില്ല. പല പ്രാവശ്യം പ്രാർത്ഥിച്ചിട്ടും കാര്യങ്ങൾക്ക് മാറ്റമുണ്ടായില്ലെന്നു വന്നേക്കാം. ഇയ്യോബിനു ദൈവത്തെ ത്യജിച്ച് മരിച്ചുകളക എന്ന നിർദ്ദേശം പോലും ലഭിച്ചു (ഇയ്യോബ് 2:9). പരീക്ഷണങ്ങൾ നാനാവിധത്തിൽ നമ്മെ ക്ലേശിപ്പിച്ചേക്കാം. ഇയ്യോബ് തന്റെ സകലപരീക്ഷണങ്ങളിലും ദൈവത്തെ മഹത്വപ്പെടുത്തി. ചിലപ്പോൾ നാം ഭൗതികമായ കാര്യങ്ങൾക്ക് വേണ്ടിയോ സമ്പത്തിനുവേണ്ടിയോ പ്രാർത്ഥിക്കും. അതു കിട്ടാതെ വരുമ്പോൾ നിരാശയുണ്ടാകും. ദൈവത്തിന്റെ പദ്ധതി എല്ലാം ആത്മികമാണ്. അതു അവൻ നിശ്ചയിക്കുന്ന സമയത്താണ് നടപ്പിലാക്കുന്നത്. ആ ഒരു തിരിച്ചറിവ് നമുക്ക് ഉണ്ടായിരിക്കണം. നാം താഴ്മ ധരിക്കേണ്ടതിനു ചിലപ്പോൾ ദരിദ്രനായി തീർന്നേക്കാം. നമ്മുടെ പദ്ധതി നാം എപ്പോഴും ഭൗതികമായി ഉയരണം എന്നാണ്. എന്നാൽ നാം ഉയരേണ്ടത് ആത്മിയമായിട്ടാണ്. നമ്മിൽ രൂപപ്പെടേണ്ടത് ദൈവികസ്വഭാവവുമാണ്. സമ്പത്ത് അധികമായാൽ നാം നിഗളിച്ചുപോകും എന്ന കാര്യം ഓർമ്മിക്കണം. ദൈവപദ്ധതിയനുസരിച്ച് ഈ ലോകം നമുക്ക് ശാശ്വതമല്ല. സ്വർഗീയവാസമാണ് നിത്യമായിട്ടുള്ളത്.

നമ്മെ സ്വർഗീയപദവിയിലേക്ക് ഉയർത്തുകയാണ് ദൈവത്തിന്റെ ലക്ഷ്യം. കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുന്നതിനു ആരോഗ്യത്തിനു വേണ്ടി ഒരാൾ പ്രാർത്ഥിച്ചപ്പോൾ അയാളെ ദൈവം ദുർബ്ബലമാക്കി

ദൈവത്തിന്റെ ഉപകരണമാക്കി മോശെയെ പോലെ ഉപയോഗിച്ചു. സകല മനുഷ്യരേയും കുറിച്ചുള്ള ദൈവപദ്ധതിയാണ് ക്രിസ്തുവിന്റെ രക്ഷ (റോമർ 1:16, 17). അറുക്കപ്പെട്ട കുഞ്ഞാടിന്റെ യാഗമാണ് ദൈവത്തിനു പ്രസാദകരമായത്. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ യേശുവിന്റെ നാമമല്ലാതെ വേറൊരു നാമവുമില്ല (പ്രവൃത്തികൾ 4:12). നാം നമ്മുടെ കഴിവിലും ബുദ്ധിയിലും ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കണമെന്ന് നിരവധി വേദഭാഗം നമ്മെ പഠിപ്പിക്കുന്നുണ്ട്.

ദൈവപദ്ധതി അവന്റെ കൃപയാലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. കാരണം മനുഷ്യരാരും ദൈവപദ്ധതിയിലുൾപ്പെടുവാന്തക്ക യോഗ്യതയുള്ളവരായിട്ടില്ല. അതുകൊണ്ട് നാം ദൈവകൃപയിൽ ആശ്രയിക്കണം. കൃപയാൽ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ് അപ്പൊസ്തലനായ പൊലൊസ് പറഞ്ഞിരിക്കുന്നത് (എഫെസ്യർ 2:8, 9). നമുക്ക് പ്രശംസിപ്പാനായി നമ്മിൽ ഒന്നുമില്ല. നമുക്ക് വേണ്ടി പ്രവർത്തിച്ചതെല്ലാം ക്രിസ്തുവാണ്. അവന്റെ ത്യാഗവും സ്നേഹവും നിമിത്തമാണ് നാം ദൈവത്തിന്റെ ശിക്ഷയിൽനിന്നു ഒഴിവാകുന്നത്. ആ ഒരു നന്ദിസ്മരണ നമ്മിൽ എപ്പോഴും വേണം. അവന്റെ ഉപകാരങ്ങൾ നാം ഒരിക്കലും മറക്കരുത്. ദൈവപദ്ധതിയിൽ ഓരോ വ്യക്തിയിലുമുള്ള ആത്മാവിനാണ് വില. ജഡത്തിനല്ല, മനോവികാരങ്ങൾക്കുമല്ല (മത്തായി 16:26) മനുഷ്യരുടെ പദ്ധതിയിൽ ജഡത്തിനാണ് വില കല്പിക്കുന്നത്. ജഡം ഒന്നിനും ഉപകരിക്കുന്നില്ല. ആത്മാവാണ് എന്നേക്കും ജീവിക്കുന്നത്.

ദൈവപദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് ദൈവത്തിന്റെ അവകാശമുണ്ട്. ക്രിസ്തുവിൽ ആയിത്തിരുന്നവർക്ക് ക്രിസ്തുവിനോടുകൂടെ കൂട്ടവകാശം ലഭിക്കുന്നു. ക്ഷയം, വാട്ടം, കോട്ടം എന്നിവ ഒന്നുമില്ലാത്ത അവകാശമാണ് സ്വർഗത്തിൽ ക്രിസ്ത്യാനികൾക്കായി ഒരുക്കിയിരിക്കുന്നത്. അതു ലഭിക്കേണ്ടതിന്നു എല്ലാവരും സുവിശേഷം അനുസരിക്കണം. ദൈവത്തെ അറിയാത്തവർക്കും കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും നിത്യശിക്ഷാവിധിയാണ് ലഭിക്കുക. അതുകൊണ്ട് എല്ലാ മനുഷ്യരും തങ്ങളുടെ പദ്ധതികളെല്ലാം ഉപേക്ഷിച്ചു ദൈവപദ്ധതിയിൽ പങ്കുകാരാകണം അതിനു ദൈവത്തിൽ പൂർണ്ണമായ വിശ്വാസം വേണം.

# സംശയം

ചില ആളുകളിൽ എല്ലാറ്റിനെ കുറിച്ചും സംശയമുണ്ടാകുന്നു. അതു ഭൗതികമാകാം ആത്മികവുമാകാം. അജ്ഞതകൊണ്ടുണ്ടാകുന്ന സംശയം ദൂരീകരിക്കാവുന്നതാണ്. സത്യം അറിയുവാൻ ശ്രമിക്കുകയാണ് പരിഹാരമാർഗ്ഗം. സംശയം പല വിധത്തിലുണ്ടാകുന്നു. അവരുടെ അനുഭവം അവരെ അങ്ങനെ ആക്കിയതാകാം. സംശയം അങ്ങനെ തന്നെ വെച്ചുകൊണ്ടിരുന്നാൽ ദുർബ്ബലമനുഷ്യർ ജീവൻ തന്നെ നഷ്ടപ്പെടുത്തിയേക്കാം. ഇതിനു നേരെ എതിരാണ് ദൈവത്തിന്റെ നിർദ്ദേശങ്ങൾ. ലോകത്തിൽ ജീവിക്കുന്ന സർവ്വ മനുഷ്യർക്കും പ്രായോഗികമാക്കുവാൻ വേണ്ടിയാണ് കർത്താവിന്റെ ഉപദേശങ്ങൾ നൽകിയിരിക്കുന്നത്.

ആത്മിയകാര്യങ്ങളെ കുറിച്ചാണ് ഞാൻ ഇവിടെ പറയുവാൻ ഉദ്ദേശിക്കുന്നത്. സംശയത്തിന്റെ രണ്ടു വശങ്ങളെ കുറിച്ച് നാം മനസിലാക്കണം അറിയാത്തതിനെ കുറിച്ച് സംശയിക്കുന്നത് തെറ്റല്ല. നേരെ മറിച്ച് അറിയാൻ ശ്രമിക്കാതെ മുൻവിധിയോടെ സംശയം വെച്ചുപുലർത്തുന്നവരുമുണ്ട്. അവിശ്വാസം സംശയമല്ല. പക്ഷെ സംശയം അവിശ്വാസത്തിനു കാരണമായേക്കാം. മനസിനു ഉറപ്പില്ലാത്ത ബലഹീനരായ ആളുകളിലാണ് സംശയം അധികവുമുണ്ടാകുന്നത്. ചില ദമ്പതികൾ തങ്ങളുടെ പങ്കാളികളെ സംശയിക്കാറുണ്ട്. സംശയം വർദ്ധിച്ച് വിവാഹമോചനത്തിൽ തന്നെ കലാശിച്ച സംഭവങ്ങളുണ്ടായിട്ടുണ്ട്.

തെറ്റിദ്ധാരണകൊണ്ട് സംശയിക്കുന്നവരുണ്ട്. സത്യവിരുദ്ധപ്രചാരണത്തിലേർപ്പെടുന്നവർ അതിന്റെ അപകടത്തെ കുറിച്ച് ആലോചിക്കാറില്ല. സംശയം വെറുമൊരു അസ്ഥിരതയാണ്. അതു ആദ്യം മനസിനെ ബാധിക്കുന്നു. അതിനെ ഉള്ളിൽ വളരുവാൻ ചിലർ അനുവദിക്കും. സംശയം പാപമല്ല എന്നു പറയാം. പക്ഷെ സംശയത്തിൽനിന്നുത്ഭവിക്കുന്നതൊക്കെ പാപമാണെന്ന് വചനം പറയുന്നു. (റോമർ 14:23). ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. അതിനാൽ പലരും ദൈവമല്ലാത്തവയെ ദൈവമെന്ന് തെറ്റിദ്ധരിക്കയുണ്ടായിട്ടുണ്ട്. മനുഷ്യരുടെ ഉപദേശത്തെ ദൈവത്തിന്റേതായി തെറ്റിദ്ധരിച്ച

വരുമുണ്ട്. ദൈവത്തെ കുറിച്ച് അറിയുവാനും മതപരമായ കാര്യ ങ്ങളെ കുറിച്ച് അറിയുന്നതിനും ആയി നമ്മുടെ സംശയത്തെ നാം ഉപയോഗിക്കുന്നുവെങ്കിൽ അതു നല്ലതാണ്. സത്യം അറിയാവുന്ന വരോടു മാത്രമേ നാം സംശയനിവാരണം വരുത്താവു. സംശയം വെച്ചുകൊണ്ടിരിക്കരുത് എന്നർത്ഥം. ബൈബിൾ തരം തിരിച്ച് വിഭ ജിക്കുവാൻ അറിഞ്ഞാൽ മാത്രമെ പൂർണ്ണസത്യം നമുക്ക് വ്യക്തമാ കയുള്ളു. കാരണം തിരുവെഴുത്തിൽ ചിലതു ഒരുഭാഗത്തും മറ്റുചി ലതു വേറൊരുഭാഗത്തുമായിരിക്കും. അതുകൊണ്ട് കേൾക്കുന്നതു ശരിയോ തെറ്റോ എന്നു നാം ദിനമ്പ്രതി പരിശോധിച്ചുകൊണ്ടിരി ക്കണം.

ചില സാഹചര്യങ്ങളിൽ പലതും നാം വിചാരിക്കുന്നതുപോലെ സംഭവിക്കാതിരിക്കും. മറ്റുചിലപ്പോൾ നാം വിചാരിക്കുന്നതിനെതി രായി സംഭവിക്കും. അപ്പോൾ സ്വാഭാവികമായും സംശയം ഉണ്ടാ കുവാനിടയുണ്ട്. സാത്താനാണ് മനുഷ്യരിൽ സംശയം ജനിപ്പിക്കു ന്നത്. ഹവ്വയിൽ പിശാചാണ് ആദ്യം സംശയം തോന്നിപ്പിച്ചത്. ദൈവം വിലക്കിയ കല്പനയെ അവൾ അങ്ങനെ തെറ്റിദ്ധരിച്ചു. പ്രലോഭ നവും പിശാചിന്റെ തന്ത്രമാണ്. നാം വിചാരിക്കുന്നതുപോലെ ദൈവം പ്രവർത്തിക്കാതിരിക്കുമ്പോഴും സംശയം നമ്മെ പിടികൂടും (റോ മർ 8:32). ദൈവമല്ലാതെ സകലതും അറിയുന്നവർ മറ്റാരുമില്ല. എല്ലാ ദൈവദാസന്മാരും സംശയവുമായി പോരാടിയ സാഹചര്യങ്ങളു ണ്ടായിട്ടുണ്ട്. തൻനിമിത്തം നിരാശ അനുഭവപ്പെട്ടിട്ടുമുണ്ട്.

സംശയപോരാട്ടം നമ്മുടെ വിശ്വാസം വർദ്ധിക്കുവാനിടയാകും. പഴയനിയമകാലയളവിലെ പ്രവാചകന്മാർക്ക് അങ്ങനെ സംഭവിച്ചി ട്ടുണ്ട്. ദൈവം അവർക്ക് നേരിട്ട് ഉത്തേജനവും ധൈര്യവും നല്കു കയുണ്ടായി. സംശയം നിമിത്തം ലജ്ജിക്കുകയോ ഒളിച്ചോടുകയോ ചെയ്യേണ്ട ആവശ്യമില്ല. അതേസമയത്ത് അതിനുള്ള ഉത്തരം ആരാ യണം. എന്നിരുന്നാലും, അവിശ്വാസമെന്ന പാപത്തെ നാം നീക്കം ചെയ്യണം. അതിനെ ചെറുത്തു തോൽപ്പിക്കണം. അതു നമ്മുടെ ഹൃദയത്തിൽ വരാതെ നോക്കണം. സംശയങ്ങൾക്ക് പലപ്പോഴും നിർണ്ണായകമായ കാരണങ്ങളുണ്ട്. അവയെ നിസാരമായ മാർഗ ത്താൽ പരിഹരിക്കാവുന്നതുമല്ല. സംശയിക്കുന്നവർ പറയുന്നതു നാം ശ്രദ്ധയോടെ കേൾക്കുകയും അതിന്റെ കാരണങ്ങൾ ആരാ

യുകയും വേണം. കൂടാതെ യഥാർത്ഥ കാരണം വിവേചിച്ച് മനസിലാക്കണം (എല്ലായ്പോഴും ഇതു മാനസിക പ്രശ്നമായിരിക്കണമെന്നില്ല). ദുരുപദേശമോ, വൈകാരികമോ അരക്ഷിതത്വമോ കൊണ്ടുണ്ടായതാകാം. അതു വേർതിരിച്ച് മനസിലാക്കിയാൽ പ്രതിവിധി എളുപ്പമായിരിക്കും.

സംശയിക്കുന്ന വ്യക്തിയുടെ യഥാർത്ഥ ആവശ്യം കണ്ടുപിടിച്ച് പരിഹരിക്കുവാൻ ശ്രമിക്കണം. സംശയിക്കുന്ന ഒരാൾ സത്യം മനസിലാക്കിയിട്ടും അതിനെ നിഷേധിക്കുകയോ എതിർക്കുകയോ ചെയ്യുകയാണെങ്കിൽ അത് അവിശ്വാസലക്ഷണമാണ്. അവിശ്വാസം പാപമാണ്. പാപത്തിന്റെ ഫലം മരണവുമാണ്. നമുക്ക് കാണുവാൻ കഴിയാത്ത പലതും വേണമെങ്കിൽ നമുക്ക് നിഷേധിക്കാം. പക്ഷെ നാം നിഷേധിച്ചാലും ഇല്ലെങ്കിലും സത്യം സത്യമല്ലാതാകുകയില്ല.

ഞാൻ മുൻപ് പറഞ്ഞതുപോലെ സംശയത്തിന്റെ ഉറവിടം പിശാചാണ്. ഭോഷ്ക്കിന്റെ ഉറവിടവും പിശാചാണ്. ആദിമുതൽ അവൻ മനുഷ്യരിൽ സംശയം കടത്തിവിട്ടുകൊണ്ടിരിക്കുകയാണ്. വീടുകളിലും സഭകളിലും അനൈക്യമുണ്ടാകുവാനും കുടുംബബന്ധത്തിനു ഉലച്ചിൽ തട്ടുന്നതിനും സംശയം കാരണമായിതീരുന്നുണ്ട്. ദൈവവാഗ്ദാനങ്ങളിൽ സംശയമുണ്ടായാൽ അതു അവിശ്വാസമായി പരിണമിക്കും. സെഖര്യാവിന് ഒരു മകൻ ജനിക്കുമെന്ന് ഗബ്രിയേൽ ദൂതൻ അരുളിച്ചെയ്ത വാഗ്ദാനത്തെ അവിശ്വസിച്ച സെഖര്യാവിനു മകൻ ജനിക്കുന്നതുവരെ ഊമനായി കഴിയേണ്ടി വന്നു (ലൂക്കൊസ് 1:18-20). അപ്പോൾ അവിശ്വാസത്തിനു ശിക്ഷയുണ്ട്. മറിയക്കും ദൈവദുതൻ ഒരു മകനെ ദൈവം വാഗ്ദാനം ചെയ്തതായി ദൂതൻ അറിയിച്ചപ്പോൾ അവൾ പുരുഷനെ അറിയായ്കകൊണ്ട് സംശയിച്ചു എങ്കിലും വൃദ്ധയായ എലിശെബത്ത് ഗർഭിണിയായത് അറിഞ്ഞപ്പോൾ അവളുടെ സംശയം മാറി.

യേശുവിന്റെ ശിഷ്യനായിരുന്ന തോമസ്, ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നു മറ്റുശിഷ്യന്മാർ പറഞ്ഞപ്പോൾ സംശയിച്ചുവെങ്കിലും കർത്താവ് അവനു പ്രത്യക്ഷനായി അവന്റെ സംശയം മാറ്റി.

✶

# അന്യനും പരദേശിയും

## ജോണി രാംസെ

ഒരു ക്രിസ്ത്യാനിക്ക് ലോകത്തോടുള്ള ബന്ധം സൂചിപ്പിക്കുന്ന ധാരാളം വാക്കുകൾ പുതിയനിയമ പുസ്തകങ്ങളിൽ തർജിമ ചെയ്തിട്ടുണ്ട്. അന്യൻ, പരദേശി, വന്നുപാർക്കുന്നവൻ, താല്ക്കാലിക വാസസ്ഥലമുള്ളവൻ, എന്നൊക്കെയാണ് അവയിൽ ചിലത്. അതിൽ പ്രധാനപ്പെട്ട വാക്ക് *സീനോസ്* എന്ന ഗ്രീക്ക് പദമാണ്. ഒരാൾക്കും ഈ ഭൂമി ശാശ്വതമല്ല. ഈ ലോകജീവിതം ഹ്രസ്വകാലത്തേക്കുള്ളതാണ്. കാരണം മനുഷ്യായുസ് ദീർഘകാലത്തേക്കുള്ളതല്ല. ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കുന്നവർ ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കണമെന്നാണ് ദൈവം കല്പിച്ചിരിക്കുന്നത്.

ഇവിടെ നാം അതിഥികളായി കഴിയുമ്പോൾ ദൈവരാജ്യത്തിലെ പൗരന്മാർ എന്ന നിലയിൽ അവരുടെ ഓരോരുത്തരുടേയും കടമകൾ തിരിച്ചറിയണം. യേശുവിന്റെ ശിഷ്യനായിരുന്ന ഇസ്ക്കാര്യോത്താ യൂദാ അവനെ ഒറ്റിക്കൊടുത്തതിന്റെ വിലയായി കിട്ടിയ മുപ്പതു വെള്ളിക്കാശ് കുറ്റബോധം നിമിത്തം മന്ദിരത്തിൽ എറിഞ്ഞു കളഞ്ഞു. ആ പണം ശ്രീഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല എന്നു മഹാപുരോഹിതന്മാർ കണ്ടിട്ട് പരദേശികളെ കുഴിച്ചിടുവാൻ കുശവന്റെ ഒരു നിലം വാങ്ങി(മത്തായി.27:7).അഥേനർ പൗലോസിന്റെ പ്രസംഗത്തിൽ താൽപര്യം കാണിച്ചത് 'അന്യദേവതകളെ'ഘോഷിക്കുന്നവരാകകൊണ്ടായിരുന്നു (പ്രവർത്തികൾ.17:21). ജാതികൾ പൗലോസിന്റെ പ്രസംഗത്താൽ മാനസാന്തരപ്പെടുന്നതിനുമുൻപ് യിസ്രായേൽപൗരതയോടു ബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും ആയിരുന്നു (എഫെസ്യർ,2:12) എബ്രായർക്കെഴുതുന്ന ലേഖനത്തിൽ അന്യമായ ഉപദേശങ്ങളാൽ അവരെ തെറ്റിപ്പിക്കുവാൻ ഇടയാക്കരുത് (എബ്രായർ.13:9) എന്നു ഓർപ്പിക്കുന്നു. പത്രൊസ് തന്റെ സ്നേഹിതരോട്, അവർക്കു ഭവിക്കുന്ന അഗ്നിപരിശോധനയിൽ അപൂർവ്വകാര്യം സംഭവിക്കുന്നതായി ചിന്തിക്കരുത് എന്നു ഗുണദോഷിക്കുന്നു(1പത്രോസ്.4:12).യോഹന്നാൻ ഗായോസിനോടും വിശേഷാൽ അതിഥികൾക്കും ശുശ്രൂഷ

ചെയ്യുന്നതിൽ വിശ്വസ്തത കാണിക്കുന്നതിനെ പ്രശംസിക്കുന്നു.(3 യോഹന്നാൻ.5). എന്നാൽ ഈ വാക്കിന് അതിന്റെ സ്വരവും അർത്ഥവും പ്രദാനം ചെയ്യുന്നത് എബ്രായർ 11:13-ലെ പദപ്രയോഗം കൊണ്ടാകുന്നു. പൂർവപിതാക്കന്മാർ വാഗ്ദത്തനിവൃത്തിയിൽ പ്രത്യാശവച്ചുകൊണ്ട്, ഭൂമിയിൽ അന്യരും പരദേശികളുമായി ജീവിച്ചു മരിച്ചു. അങ്ങനെ തന്നെ ഒരു ക്രിസ്ത്യനിയും ഈ ലോകത്തിൽ *സാനോസ്* അഥവാ അന്യനും പരദേശിയുമാണ്.

പുരാതനസംസ്കാരത്തിൽ പരദേശി എന്ന ആശയത്തിന് സുഖപ്രദമല്ലാത്ത ഒരു ധ്വനിയുണ്ടായിരുന്നു. പപ്പൈറസ് രേഖകളിലൊന്നിൽ ഒരുവൻ ഇപ്രകാരം എഴുതിയിരിക്കുന്നു-'ഞാൻ ഒരു അന്യനായതുകൊണ്ട് എല്ലാവരും എന്നെ പുച്ഛിക്കുന്നു'. വേറെ ഒരു രേഖയിൽ 'അന്യദേശത്ത് പരദേശിയായി പാർക്കുന്നതിനെക്കാൾ (*എപ്പിസാനോസ്*)ഏതു സ്ഥിതിയിലായാലും, സ്വന്തനാട്ടിൽ വസിക്കുന്നതാണു ഉത്തമം' എന്നു കാണുന്നു. ദൂരദേശത്തു പാർക്കുന്ന മറ്റൊരുവൻ സ്വന്തക്കാർക്കു ഇപ്രകാരം എഴുതുന്നു: ഞാൻ വിദേശത്തു പാർക്കുന്നതിനാൽ നിങ്ങളെന്നെപ്പറ്റി ഭാരപ്പെടേണ്ട. എന്തെന്നാൽ വ്യക്തിപരമായി എനിക്ക് ഇവിടെ നല്ല പരിചയമുള്ളതുകൊണ്ട് ഞാൻ ഇവിടെ ഒരു അപരിചിതനല്ല'. അതുപോലെ പുരാതനകാലത്ത് ഗ്രീക്കുകാരുടെയിടയിൽ ക്ളബ്ബുകൾ ഉണ്ടായിരുന്നു. അവിടെ അംഗങ്ങൾ ഭക്ഷണം കഴിച്ചുവന്നു. എന്നാൽ സാനോയി-അംഗങ്ങളല്ലാത്തവർക്ക് അതിഥികളായി ഭക്ഷണം കഴിപ്പാൻ പ്രത്യകം അനുവാദം ലഭിക്കേണ്ടിയിരുന്നു.

ഒരു പടയാളി, വിദേശത്തെ പട്ടാളത്തിൽ സേവനം അനുഷ്ടിക്കുന്നു എങ്കിൽ അയാൾ ഒരു സാനോസ് അത്രേ. സ്പാർട്ടയിൽ ഒരു അന്യൻ എപ്പോഴും ബർബരനുമായിരുന്നു. ക്സെനോസും ബർബരനും ഒന്നുതന്നെ.

ഈ അർത്ഥത്തിൽതന്നെയാണ് ഒരു ക്രിസ്ത്യാനി ഈ ലോകത്തിൽ എപ്പോഴും അന്യനായിരിക്കുന്നത്. ഇവിടം അവന്റെ നിത്യമായ വാസസ്ഥലം എന്നു കരുതുവാൻ അവനു സാധിക്കുകയില്ല. ആയതിനാൽ അവന്റെ പെരുമാറ്റരീതി എപ്പോഴും ലോകരാൽ തെറ്റിദ്ധരിക്കുവാനിടയാകുന്ന വിധത്തിലുള്ളതാണ്. അവന്റ പൗരത്വം സ്വർഗ്ഗത്തിലാകയാൽ ഈ ലോകത്തിൽ അന്യനും പരദേശിയുമായി

രിക്കാനേ തരമുള്ളു-(ഫിലിപ്പിയർ.3:20)

ക്രിസ്ത്യാനിക്ക് ഈ ലോകവുമായുള്ള ബന്ധത്തെ വിവരിക്കുന്ന മറ്റൊരു പദമാണ് *പാരെപിടെമോസ്.* അതിന് *പിൽഗ്രിം* എന്ന് ഇംഗ്ളീഷിൽ തർജ്ജിമയുണ്ടു. ഈവാക്കിനും പരദേശി, പ്രവാസി, വന്നു പാർക്കുന്നവൻ എന്നൊക്കെ മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുണ്ട്. പുരാതന യവനസാഹിത്യത്തിൽ ഈ വാക്ക്, പൗരത്വം സ്വീകരിക്കാതെ താക്കാലികമായി ഒരിടത്ത് താമസമാക്കുന്ന ഒരുവനെ ഉദ്ദേശിച്ചു പറയും. ഉദാ: പൂർവ പിതാക്കന്മാർ. (എബ്രയർ:11:13, 1പത്രൊസ്.1:1) പത്രൊസ് ജനത്തോട് തങ്ങൾ പ്രവാസികളും പരദേശികളും ആകയാൽ ജഡമോഹങ്ങളെ വിട്ടൊഴിഞ്ഞ് ജീവിപ്പാൻ ഗുണദോഷിക്കുന്നു. 1പത്രൊസ് 2:11. പലയിടത്തും ഇതേരീതിയിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു. ഉല്പത്തി 23:4 മലയാളത്തിൽ അത് 'പരദേശിയും വന്നു പാർക്കുന്നവനും എന്ന് തർജ്ജിമ ചെയ്തിരിക്കുന്നു. സങ്കീർത്തനം 39:21-ൽ സങ്കീർത്തനക്കാരൻ പറയുന്നത് തന്റെ പിതാക്കന്മാരെപ്പോലെ താനും അന്യനും പരദേശിയും ആകുന്നു എന്നാണ്.

റോമയിൽ ചെന്നുപാർക്കുന്ന ഗ്രീക്കുകാരെ *പാരെപിടോമോയ്* -(വന്നു പാർക്കുന്നവർ) എന്നു പറഞ്ഞുവരുന്നു. ഒരു ക്രിസ്ത്യാനി സ്വാഭാവികമായും ഈ ലോകത്തിൽ ഒരു പാരെപിടോമോയിൻ (പ്രവാസി) ടെംപെററി റെസിഡെന്റ്- താല്ക്കാലിക താമസക്കാരൻ- അത്രേ. അവന്റെ അടിസ്ഥാനമിവിടെയല്ല, താൻ ഇതിനപ്പുറമായതിലേക്കു നോക്കിപ്പാർക്കുന്നു. ഗ്രീക്കുകാരിൽ പല ചിന്തകന്മാർക്കും ജീവിതത്തെപ്പറ്റി ഇപ്രകാരമുള്ള ഒരു അഭിപ്രായമുണ്ടായിരുന്നു. മാർക്കസ് ഒറീലിസ് പറയുന്നത് ജീവിതം ഒരു പോരാട്ടവും, അന്യദേശത്തെ ഒരു പാർപ്പുമാകുന്നു. എപ്പിക്ടൈറ്റസ്സ് പറയുന്നത് സ്വന്തനാട്ടിലേക്കു യാത്രതിരിച്ചിട്ട് വഴിയിൽ നല്ല ഒരു വഴിയമ്പലത്തിൽ കയറി. അതു തനിക്ക് സ്വീകാര്യമായിത്തോന്നിയതിനാൽ അവിടെത്തന്നെ താമസമാക്കിയ ഒരു വഴിയാത്രക്കാരനെപ്പോലെ മനുഷ്യർ ഈ ലോകത്തിൽ പ്രവർത്തിക്കുന്നു എന്നാണ്. പരദേശിയും പ്രവാസിയും ആയിട്ടത്രേ ഈ ലോകത്തിൽ ക്രിസ്ത്യാനി ജീവിക്കേണ്ടത്.

ക്രസ്ത്യാനിക്ക് ലോകവുമായുള്ള ബന്ധത്തെ വിവരിക്കുന്ന മുന്നാമത്തെ പദം *പരോയ്കൊസ്* എന്നാണ്. പുരാതന ഗ്രീക്കുസാ

ഹിത്യത്തിൽ മെടോയ്കൊസ് എന്ന പദരൂപവും ഉണ്ട്-അത് വിദേശികൾ ഒരു രാജ്യത്തു പാർക്കുന്നതിനെ വിവരിക്കുന്ന പദമാണ്. ഇംഗ്ളീഷിൽ *റസിഡെന്റ് അലൈൻ* എന്നു പറയുന്നത് ഒരു രാജ്യത്തെ പൗരത്വം സ്വികരിക്കാതെതന്നെ അവിടെ വിദേശികൾ അടക്കേണ്ട കരം കൊടുത്തുകൊണ്ടു താമസിക്കുന്ന ഒരു വിദേശിയനാണ്. താൻ ഒരു ലൈസൻസെടുത്ത പരദേശിയും ജന്മദേശത്തെ പൗരത്വം ഉപേക്ഷിക്കാത്തയാളുമാണ്. ഒരു ക്രിസ്ത്യാനിയുടെ ഈ ലോകത്തിലെ സ്ഥാനവും അത്രമാത്രം.

പുതിയ നിയമത്തിൽ ഈ പദം പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്. 'ചെന്നുപാർക്കുക' എന്നാണ് പ്രധാനമായും തർജ്ജമ ചെയ്തിരിക്കുന്നത്. അബ്രാമിന്റെ സന്തതി അന്യദേശത്തു ചെന്നുപാർക്കും. പ്രവൃത്തി 7:6. മോശെ മിദ്യാനിൽ ചെന്നുപാർത്തു. പ്രവൃത്തി 7:29. എമ്മവുസിലേക്കു യാത്രപോയ ശിഷ്യന്മാർ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടിട്ടു, യെരുശലേമിൽ വന്നുപാർക്കുന്നവരിൽ ഒരുവൻ എന്നു തെറ്റിദ്ധരിച്ചു. ലൂക്കൊസ് 24:18. 1പത്രൊസിൽ ഈ പദത്തിന്റെ ശരിയായ അർത്ഥം കാണാം. ഈ ലോകത്തിൽ ക്രിസ്ത്യാനികൾ അന്യരും, പരദേശികളും, പ്രവാസികളും അത്രേ.

തൂസിഡൈഡിസ്, അഥേനയിൽ താമസമുറപ്പിക്കുകയും എന്നാൽ ഒരിക്കലും അഥേനാപൗരത്വം സ്വീകരിക്കാത്തതുമായ പരദേശികളെ *മെറ്റോയ്കൊസ്* എന്നു പറയുന്നു. അതുപോലെ തന്നെ ഹെറോഡോട്ടസ്, ക്രേത്താ ദ്വീപിൽ കുടിയേറിപ്പാർത്ത പൗരന്മാരല്ലാത്ത പരദേശികളെയും *മെറ്റോയ്കൊസ്* എന്നാണു പറയുന്നത്. രാജ്യത്തെ പൗരന്മാർക്കും (*പൊളിറ്റെസ്*) പൗരന്മാരല്ലാത്ത സ്ഥിരതാമസക്കാരും (*കറ്റോയ്കൊസ് & മെറ്റോയ്കൊസ്*) അല്ലാത്ത പരദേശികൾക്കാണ് *പരോയ്കോസ്* എന്നു പറയുന്നത്. കാർപതോസിലുള്ള ഒരു ശിലാശാസനത്തിൽ പട്ടണത്തിലെ ജനങ്ങളെ *പൊളിറ്റൈ* (പൗരന്മാർ) എന്നും പരോയ്കോയ് (*റസിഡന്റ് അലൈൻ)* എന്നും തരംതിരിച്ചിട്ടുണ്ട്. പ്രീനിയിലുള്ള ഗവർണ്ണർ അവിടെയുള്ള ഒരു ഉത്സവത്തിലേക്ക്, പൗരന്മാരെയും (*പൊളിറ്റൈ*) വന്നുപാർക്കുന്ന പരദേശികളേയും (*റസിഡന്റ് അലൈൻ, പാരൊയ്കോയ്*) സ്ഥിരതാമസക്കാരായ പരദേശികളേയും (*മെറ്റോയ്കോസ്, കറ്റോയ്കൊസ്*) അവിടെ വരുവാനിടയായ അന്യരേയും ക്സെനോയ് ക്ഷണി

ക്കുന്നതു കാണാം.

ചിതറിപ്പാർക്കുന്ന യെഹൂദന്മാരെകുറിക്കുന്നതിനായി *പാരോയ്കോയ്* എന്ന പദം പ്രത്യേകമായി ഉപയോഗിച്ചിരിക്കുന്നു. സ്വമേധയായും ബലപ്രയോഗം മൂലവും പലസ്തീനുവെളിയിൽപാർക്കുന്ന യഹൂദന്മാർ അന്യരാജ്യങ്ങളിൽ *പാരോയ്കോയ്* അത്രേ. ഒരു സമൂഹത്തിൽ വസിക്കുകയും, എന്നാൽ ആ സമൂഹത്തിൽ അന്യനായിരിക്കുകയും ചെയ്യുന്ന ആശയം ഒരു യഹൂദന് സുഗ്രാഹ്യമായതാണ്. ഒരു ക്രിസ്ത്യാനിയെപ്പറ്റിയും ക്രിസ്തുസഭയെപ്പറ്റിയും ഉപയോഗിക്കുന്ന പദമായും ഇതു തീർന്നു. ഒരു ക്രിസ്ത്യാനി ഒരു സമൂഹത്തിൽ ജീവിക്കുകയും, അതിന്റെ ചുമതലകൾ നിർവവ്വഹിക്കുകയും ചെയ്യുന്നു. എന്നാൽ അവന്റെ പൗരത്വം സ്വർഗ്ഗത്തിലത്രേ. ക്ളെമന്ത്, പോളിക്കാർപ്പ് മുതലായ സഭാപിതാക്കന്മാർ സഭയെ സംബോധനചെയ്യുന്നത് ഈ വാക്കുകൾ ഉപയോഗിച്ചാണ്. ഈ സഭകൾ അതത് സ്ഥലത്ത് വസിക്കുന്നു. എങ്കിലും സാക്ഷാൽ അവരുടെ സ്വന്തഭവനം അവിടെയല്ല.

ഈ പദത്തിന്റെ അർത്ഥത്തിലും രസകരമായ വികാസം ഉണ്ടായി, *പാരോയ്കൊസ്* എന്ന നാമപദം 'വന്നുപാർക്കുന്ന പരദേശി' *റെസിഡന്റ് അലൈൻ* എന്നാണല്ലോ. അതിന്റെ ക്രിയാപദം *പാരോയ്കെയ്ൻ* എന്നതിന് ഒരു സ്ഥലത്തു താമസിക്കുക എന്നും *പാരോയ്കിയാ* എന്ന നാമത്തിനു ഒരു സമൂഹത്തിൽ വന്നു പാർക്കുന്ന വിദേശികളുടെ ഒരു കൂട്ടം എന്നും അർത്ഥമായി. *പാരോയ്കിയാ* എന്ന പദത്തിൽനിന്നാണ് *പാരിഷ്* എന്ന ഇംഗ്ളീഷ് പദം ഉണ്ടായത്. പാരിഷ് എന്നതിന് മലയാളതർജ്ജിമ ഇടവക എന്നാണ്. അത് ഈ പദത്തിനർത്ഥമാകുന്നില്ല: ഹൈന്ദവജന്മിമാരുടെ അധികാര പരിധിയാണ് ഇടവക. പാരിഷ് എന്നത് ഒരു സ്ഥലത്തെ ക്രിസ്തീയ സമൂഹമാണ്-ഈ ലോകത്തിലെ മാർഗ്ഗങ്ങളും രീതികളും തോതുകളും സ്വീകരിക്കാതെ ഈ ലോകത്തിൽ ജീവിക്കുന്ന ഒരു കൂട്ടം-അവരുടെ തോതുകൾ ദൈവത്തിന്റെ തോതുകളാണ്. അവർ താമസിക്കുന്നയിടത്തെ നിയമങ്ങൾ അവർ സ്വീകരിക്കുന്നുണ്ട്. എന്നാൽ അതിലും ഉപരിയായി ദൈവത്തിന്റെ നിയമങ്ങൾ അവർക്കുണ്ട്. ഒരു ക്രിസ്ത്യനിയുടെ പൗരത്വം ദൈവരാജ്യത്തിലെ പൗരത്വം ആണ്, ആ പൗരത്വം സഭയിലെ പൗരത്വം അത്രേ.

ക്രിസ്ത്യാനി ഈ ലോകത്തിൽ അന്യനും പരദേശിയുമാണ് എന്ന ആശയം ക്രിസ്തീയ ചിന്താമണ്ഡലത്തിന്റെ ഒരു പ്രധാന ഭാഗമായിതീർന്നതിനാൽ കുറച്ചുകൂടി അതിനെപ്പറ്റി വിശദമായി പഠിക്കുന്നതു നന്നായിരിക്കും.

(1) പുരാതനലോകത്തിൽ പരദേശിയായിപ്പാർക്കുന്നത് സങ്കടകരമായ ഒരവസ്ഥയാണ്. അനാഥരേയും വിധവമാരേയും കരുതുംപോലെ പരദേശികളോടും ആദരവുകാണിച്ചുപോന്നു. സൂയസ് ദേവന്റെ ഒരു പര്യായപദം *സേയസ് സീനിയൊസ്*-പരദേശികളുടെ ദേവൻ എന്നർത്ഥം. ദേവൻമാരും പരദേശികളെ കാത്തു എന്നിരുന്നാലും പരദേശികളുടെ സ്ഥിതി പരിതാപകരമായിരുന്നു. അരിസ്റ്റിയാസിന്റെ എഴുത്തുകളിൽ ഒന്നിൽ ഇപ്രകാരം കാണുന്നു.'സ്വന്തം നാട്ടിൽ ജീവിച്ചുമരിക്കുന്നത് ഏറ്റവും നല്ല ഒരു അനുഭവമാണ്. വിദേശത്തു ദരിദ്രർ നിന്ദ അനുഭവിക്കേണ്ടി വരും. ധനികരോ അവർ ചെയ്ത ഏതോ തിന്മമൂലം സ്വന്തനാട്ടിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടവരായിരിക്കും എന്ന രീതിയിൽ സംശയാസ്പദമായിട്ടത്രേ അവലോകനം ചെയ്യപ്പെടുന്നത്'. സഭാപ്രസംഗിയുടെ പുസ്തകം 29:22-28 വരെയുള്ള ഭാഗത്ത് പരദേശിയുടെ ദുർഘടപൂർവമായ അനുഭവത്തെ വിവരിക്കുന്നുണ്ട്. ഒരു ക്രിസ്ത്യാനി ഈ ലോകത്തിൽ അന്യനും പരദേശിയുമായതിനാൽ സുഖം അവനു ജീവിതത്തിൽ ആഗ്രഹിക്കേണ്ടതില്ല. അതുപോലെ തന്നെ എളുപ്പം ജനസ്വാധീനം കിട്ടുന്നതും പ്രയാസമാണ്.

(2) ക്രിസ്ത്യാനി ഈ ലോകത്തിൽ അന്യനും പരദേശിയുമാണ് എന്ന ആശയം, ആദിമനൂറ്റാണ്ടിലെ ക്രിസ്തീയ എഴുത്തുകളിൽ ആഴമായി പതിഞ്ഞു കാണാം. തെർത്തുല്യൻ, അലക്സാണ്ട്രിയായിലെ ക്ളെമന്ത്, ഡയോഗ്നോട്ടസ്, അഗസ്തിനോസ് സിപ്രിയൻ എന്നിവരുടെയൊക്കെ എഴുത്തുകളിൽ അതു ദൃശ്യമാണ്. 'താൻ ഈ ലോകത്തിൽ യാത്രികനാണെന്നും തന്റെ അഭിമാനം സ്വർഗ്ഗത്തിലാണ് എന്നും ഒരു ക്രിസ്ത്യാനിക്കറിയാം'. തെർത്തുല്യൻ അപ്പോളജി 1. 'ഇവിടെ നിന്നും എത്രയും വേഗത്തിൽ വേർപെടുന്നതിനെക്കാൾ പ്രാധാന്യമുള്ള യാതൊന്നും നമുക്ക് ഈ ലോകത്തിൽ ഇല്ല. അപ്പോളജി 41. 'ലോകത്തിൽ നമുക്ക് ഒരു പിതൃ രാജ്യം ഇല്ല'-ക്ളെമന്ത്. ഇങ്ങനെ പല ഉദ്ധരണികളും കാണാം.

(3) ക്രിസ്ത്യാകൾ തങ്ങളെത്തന്നെ അന്യരും പരദേശികളും പ്രവാസികളുമായി കണക്കാക്കിയിരുന്നെങ്കിലും, സാധാരണ ജീവിതവ്യാപാരങ്ങളിൽ നിന്നു വേറിട്ട പ്രയോജന രഹിതമായ ഒരു ജീവിതം നയിക്കുവാൻ ഉദ്ധേശിച്ചിരുന്നില്ല.

# ഭൂമിയിൽ ഒരു പ്രവാചകൻ

***കളത്തുകാൽ, രാജദാസ്***

ഇസ്രായേൽ ജനം മിത്ഥ്യാമൂർത്തികളിൽ മദോൻമത്തരായി ജീവിക്കുന്ന കാലഘട്ടം. അതിനുള്ള മുഖ്യഹേതു, നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളിൽ നടക്കുന്നത് പോരാ എന്ന് തോന്നുമാറ്.... ആഹാബ് സീദോന്യ രാജാവിന്റ മനോഹരിയായ ഈസബെൽ എന്ന പുത്രിയെ ഭാര്യയായി പരിഗ്രഹിക്കുകയും ബാലിനെ ചെന്ന് ആരാധിക്കുകയും നമസ്ക്കരിക്കുകയും ചെയ്തുപോന്നു. ഇവയ്ക്ക് പുറമേ അശേരാ പ്രതിഷ്ഠകൾ ഉണ്ടാക്കുകയും ചെയ്തു. പ്രപഞ്ചത്തേിൽ നിറഞ്ഞുനിൽക്കുന്ന ദൈവത്തെ നിന്ദിക്കുന്ന രീതിയിൽ ആഹാബ് രാജാവ് ദൈവത്തിന്റെ ജനമായ ഇസ്രായേലിനെ കൊണ്ട് പൂജാഗിരികളിൽ യാഗം കഴിക്കുകയും ധൂപം കാട്ടുകയും ചയ്തു. 1 രാജാക്കന്മാർ-16:13 "ഇസ്രായേലിന്റെ ദൈവമായ യഹോവയെ കോപിപ്പിക്കത്തക്ക വണ്ണം തനിക്കുമുമ്പുണ്ടായിരുന്ന എല്ലാ രാജാക്കന്മാരെക്കാളും അധികം ദോഷം പ്രവർത്തിച്ചു.

സ്വയം വിചാരിക്കാത്ത ഒരു യാമത്തിലാണ് ഏലിയാ പ്രവാചകൻ ''**ഇസ്രായേലിന്റെ ദൈവം ജീവനുള്ളവൻ**" എന്നാശയത്തോടുകൂടി ആഹാബിന്റെ സന്നിധിയിൽ രംഗപ്രവേശനം ചെയ്യുന്നത്. ഏലിയാവ് ആഹാബിനോടു പ്രതിപാദിക്കുന്നത് എന്തെന്നാൽ ഞാൻ പറഞ്ഞല്ലാതെ ഈ നാളുകളിൽ മഞ്ഞും മഴയും ഉണ്ടാവില്ല. ഈ ദിവ്യപ്രതിജ്ഞക്കുശേഷം ഏലിയാവിന് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടാകുന്നു. യോർദ്ദാനു കിഴക്കുള്ള തോട്ടിനരികെ ഒളിച്ചിരിക്കണമെന്നും, തനിക്കു ആഹാരത്തിനുവേണ്ടി കാക്കയെ നിയോഗിക്കണമെന്നും ദൈവം വാഗ്ദാനം ചെയ്തിരുന്നു.

✶

# വാർത്തകൾ

## മഴ വീടുകൾ തകർന്ന് രണ്ടു സ്ത്രീകൾ മരിച്ചു

ഞായറാഴ്ച രാത്രി പെയ്ത കനത്ത മഴയിൽ വീടിനുമുകളിൽ കൂറ്റൻപാറ വീണു പുളിമാത്ത് പെരുന്തമണ്ണിൽ അൻപതുകാരിയും കുന്നിടിഞ്ഞുവീണു പാലോട്ട് എൺപതുകാരിയും മരിച്ചു. പുളിമാത്ത് പൊരുന്തമൺ വള്ളംവട്ടിക്കോണം തടത്തരികത്തു വീട്ടിൽ സത്യഭാമ (50)യും ബൊട്ടാളിക്ഗാർഡനു സമീപം ആലായിൽ ഹൗസിൽ ഹസൻ ലബ്ബയുടെ ഭാര്യ ഷെരീഫാബീവി(80)യുമാണു മരിച്ചത്.

✶

## ബസിൽ 11 കെവി ലൈൻ വീണു; ദുരന്തം ഒഴിവായി

നിറയെ യാത്രക്കാരുമായി സർവീസ് നടത്തിവന്നിരുന്ന സ്വകാര്യ ബസിനു മുകളിലേക്കു 11 കെവി ലൈനിന്റെ കമ്പികൾ. വീണെങ്കിലും ദുരന്തം വഴിമാറി. ഇന്നലെ രാവിലെ എട്ടുമണിയോടെ കൊല്ലമ്പുഴയിലായിരുന്നു സംഭവം. വാമനപുരം നദി കരകവിഞ്ഞു റോഡിൽ വെള്ളം കയറിയിരുന്നു.

✶

## ഇനി മടങ്ങിവരില്ല

ഈ കൊച്ചുകേരളത്തിൽ നിത്യവും വീട്ടിൽ നിന്നിറങ്ങുന്നവരിൽ പന്ത്രണ്ടോളം പേർ ഒരിക്കലും മടങ്ങിവരില്ല. അവർ റോഡപകടങ്ങളിൽപ്പെട്ട് എന്നെന്നേക്കുമായി നമ്മോടു വിടപറയും. ഇതിന്റെ ആറിരട്ടിയോളം പേർ ഗുരുതരമായ പരുക്കുകളേറ്റു ജീവച്ഛവങ്ങളായി കഴിയുകയും ചെയ്യും.

✶

**Watch!**

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## ടെസ്റ്റ്ട്യൂബ് ശിശുവിന്റെ 'പിതാവ്' റോബർട്ട് എഡ്വേഡ്സിനു നൊബേൽ

ടെസ്റ്റ് ട്യൂബ് ശിശുക്കളിലൂടെ വന്ധ്യതയെന്ന ദുർവിധിയിൽ നിന്നും ദമ്പതികളെ മോചിപ്പിച്ച ബ്രിട്ടിഷ് ശാസ്ത്രജ്ഞൻ റോബർട്ട് എഡ്വേഡ്സ് (85) വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം നേടി. റോബർട്ട് എഡ്വേഡ്സും പ്രഗത്ഭ ഗൈനക്കോളജിസ്റ്റ് പാട്രിക് സ്റ്റെപ്റ്റോയും ചേർന്ന് ഇൻ വിട്രോ ഫെർട്ടിലൈസേഷൻ (ഐവിഎഫ്) വിദ്യ വികസിപ്പിച്ചെടുത്തതുമൂലം ലോകത്ത് ഇതുവരെ 40 ലക്ഷത്തിലധികം ടെസ്റ്റ് ട്യൂബ് ശിശുക്കളാണ് ജനിച്ചത്.

✶

## ഫലത്തിൽ നിയമന നിരോധനം

സർക്കാർ ജീവനക്കാരുടെ വിരമിക്കൽ ഏകീകരണത്തെ തുടർന്നു നടപ്പാക്കുമെന്നു പ്രഖ്യാപിച്ചിരുന്ന സൂപ്പർ ന്യൂമററി തസ്തികകൾ പേരിനു മാത്രം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നു മാത്രമല്ല തൽഫലമായി പിഎസ്സിക്കു നിയമന ഉത്തരവ് അയക്കാനും കഴിയുന്നില്ല. ഫലത്തിൽ നിയമനനിരോധനമാണിതെന്നു ചൂണ്ടി കാണിക്കുന്നു.

✶

## ഇനി എല്ലാ വർഷവും പിഎസ്സി വിജ്ഞാപനം

മെഡിക്കൽ വിദ്യഭ്യാസ വകുപ്പിലും ആരോഗ്യവകുപ്പിലും ഡോക്ടർമാരുടെ തസ്തികയിലേക്ക് എല്ലാ വർഷവും അപേക്ഷ ക്ഷണിച്ചു റാങ്ക് പട്ടിക തയാറാക്കാൻ പിഎസ്സിയോഗം തീരുമാനിച്ചു. ഇപ്പോൾ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചാൽ അതു രണ്ടും മൂന്നും വർഷം തുടരുന്ന സാഹചര്യമാണ്.

✶

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 October**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11
Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378